"ഭരണഭാഷ- മാതൃഭാഷ"

23 SEP 2021

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഉണ്ണികൃഷ്ണൻ.കെ, സീനിയർ കൺസൾട്ടന്റ് (ഓർത്തോ്പീഡിക്സ്) - സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1952/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 10/09/2021

---

പരാമർശം:-
1. ഡോ ഉണ്ണികൃഷ്ണൻ.കെ സമർപ്പിച്ച 25.02.2020-ലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.05.2021, 04.08.2021 എന്നീ തീയതികളിലെ ഇ.എ4-67884/2020/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം സീനിയർ കൺസൾട്ടന്റായി ജോലി നോക്കിയിരുന്ന ഡോ.ഉണ്ണികൃഷ്ണൻ.കെ 31.05.2020 മുതൽ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രസ്തുത അപേക്ഷ തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കുകയും, ആയതിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് പ്രകാരം 10.12.1990-ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.ഉണ്ണികൃഷ്ണന് സ്വമേധയാ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള 20 വർഷത്തിന്മേലുള്ള സർവ്വീസ് കാലാവധിയുള്ളതാകുന്നു. ഡോ.ഉണ്ണികൃഷ്ണന്റെ പേരിൽ ഒരു തരത്തിലുള്ള കടബാദ്ധ്യതകളും നിലനിൽക്കുന്നില്ല എന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഡോ.ഉണ്ണികൃഷ്ണനെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികളോ മറ്റു ബാധ്യതകളോ നിലനിൽക്കുന്നില്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു. സ്വയം വിരമിക്കലിനു ശേഷം അപേക്ഷകന്റെ പേരിൽ എന്തെങ്കിലും ബാധ്യത കണ്ടെത്തുകയാണെങ്കിൽ ആയത് റവന്യൂ റിക്കവറി നടപടികളിലൂടെ തിരികെ പിടിക്കുന്നതിന് സമ്മതമാണെന്നുള്ള അപേക്ഷകന്റെ സാക്ഷ്യപത്രവും, അപേക്ഷകൻ തലശ്ശേരി ജനറൽ ആശുപത്രിയിൽ ജോലി നോക്കിയിരുന്ന 12.08.2019 മുതൽ 31.05.2020 വരെയുള്ള ബാധ്യതാ രഹിത സർട്ടിഫിക്കറ്റും, കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലി നോക്കിയിരുന്ന 01.06.2017 മുതൽ 01.08.2019 വരെയുള്ള ബാധ്യതാരഹിത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം

സമർപ്പിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ, കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം III ചട്ടം 56 പ്രകാരം, മെഡിക്കൽ ഓഫീസറുടെ പേരിൽ ബാധ്യതകൾ കണ്ടെത്തുന്ന പക്ഷം ആയത് മെഡിക്കൽ ഓഫീസറുടെ ഡി.സി.ആർ.ജി-യിൽ നിന്നും വീണ്ടെടുക്കുന്നതാണെന്ന നിബന്ധനയോടെ, തലശ്ശേരി ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ഉണ്ണികൃഷ്ണൻ.കെ-ക്ക് 31.05.2020 പ്രാബല്യത്തിൽ സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

3) 04.05.2019-ലെ സ.ഉ (അച്ചടിച്ചത്) നം.55/2019/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഡോ.ഉണ്ണികൃഷ്ണന്റെ പെൻഷനുള്ള അപേക്ഷ പെൻഷൻ അനുവദിക്കുന്ന അധികാരി/അക്കൗണ്ടന്റ് ജനറലിന് ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കണ്ണൂർ.
ഡോ.ഉണ്ണികൃഷ്ണൻ.കെ, സീനിയർ കൺസൾട്ടന്റ് (ഓർത്തോ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. 67884/20/ആവഡ
തീയതി 25/9/2021.

സ.ഉ (സാധാ) നം. 1952/2021/ആകുവ
തീയതി 10/9/2021. എന്ന ഉത്തരവ്
അറിവിലേക്കും തുടർ നടപടികൾക്കുമായി
പ്രസിദ്ധീകരിക്കുന്നു.

25/9/21

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.